പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 227 **28-10-2026-ൽ മറുപടിയ്ക്ക്**

എൽ നിനോ പ്രതിഭാസം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. സജി ചെറിയാൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കാരായി രാജൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) എൽ നിനോ പ്രതിഭാസം മൂലം കേരള തീരത്ത് മത്സ്യ ലഭ്യതയിൽ വൻ കുറവ് ഉണ്ടാകുന്നതായ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: എൽ നിനോ പ്രതിഭാസവും അനുബന്ധ സമുദ്ര-അന്തരീക്ഷ വ്യതിയാനങ്ങളും കേരള തീരത്തെ മത്സ്യസമ്പത്തിന്റെ ലഭ്യതയെ സ്വാധീനിക്കുന്നതായി വിവിധ ശാസ്ത്രീയ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ICAR-കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (CMFRI) ഉൾപ്പെട്ട ഗവേഷണങ്ങളിൽ കടൽ ഉപരിതല താപനില, സമുദ്രപ്രവാഹങ്ങൾ, മഴ, ലവണാംശം തുടങ്ങിയ ഘടകങ്ങൾ മത്സ്യലഭ്യതയെ സ്വാധീനിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. എണ്ണമത്തിയുടെ ലഭ്യതയിൽ മുൻകാലങ്ങളിൽ ഉണ്ടായ ഗണ്യമായ ഇടിവുകൾ എൽ നിനോ ഉൾപ്പെടെയുള്ള കാലാവസ്ഥാ-സമുദ്ര പരിസ്ഥിതി വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട് വിലയിരുത്തപ്പെട്ടിട്ടുണ്ട്. 2026 ജൂലൈയിൽ CMFRI നടത്തിയ പ്രസ്താവനയിലും സമുദ്രതാപന വർധന തുടർന്നാൽ 2027-ൽ എണ്ണമത്തിയുടെ ലഭ്യത കുറയാൻ സാധ്യതയുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഐ.സി.എ.ആർ-സി.എം.എഫ്.ആർ.ഐ (ICAR-CMFRI)-യിൽ മത്സ്യജീവശാസ്ത്ര പഠനങ്ങളുടെ ഭാഗമായി സമുദ്ര പരിസ്ഥിതിയിലെ മാറ്റങ്ങൾ മത്സ്യ സമ്പത്തിന്മേൽ ചെലുത്തുന്ന സ്വാധീനം പഠിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ആഗോള പ്രതിഭാസങ്ങളുടെ ഭാഗമായാണ് ഇത്തരം മാറ്റങ്ങൾ സംഭവിക്കുന്നത്.

കേരളത്തിലെ പ്രധാന ചെറുകിട പെലാജിക് മത്സ്യവിഭവങ്ങളായ മത്തി, അയല, നെത്തോലി എന്നിവയുടെ ലഭ്യതയെയും മത്സ്യബന്ധനത്തെയും സമുദ്രപ്രവാഹങ്ങൾ, താപനിലയിലെ വ്യതിയാനങ്ങൾ, അപ്‌വെല്ലിങ് (സമുദ്രത്തിന്റെ ആഴങ്ങളിൽ നിന്നുള്ള പോഷക സമൃദ്ധമായ തണുത്ത ജലം ഉപരിതലത്തിലേക്ക് ഉയർന്നുവരുന്ന പ്രതിഭാസം) തുടങ്ങിയ പാരിസ്ഥിതിക ഘടകങ്ങൾ ഗണ്യമായി സ്വാധീനിക്കുന്നുണ്ട്.

എൽ നിനോ-സതേൺ ഓസിലേഷൻ (ENSO), ഇന്ത്യൻ ഓഷ്യൻ ഡൈപോൾ (IOD), അറ്റ്‌ലാന്റിക് മൾട്ടിഡെക്കാഡൽ ഓസിലേഷൻ (AMO) തുടങ്ങിയ വിശാലതലത്തിലുള്ള സമുദ്ര-കാലാവസ്ഥാ പ്രതിഭാസങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സമുദ്രകാലാവസ്ഥാ സൂചികകളിലും മത്സ്യവിഭവങ്ങളിലും പരോക്ഷമായും തുടർച്ചയായും സ്വാധീനം ചെലുത്തുന്നതായി

റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇവയുടെ സ്വാധീനവും അതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളും ഇപ്പോഴും സങ്കീർണവും ചലനാത്മകവും കൃത്യമായി പ്രവചിക്കാൻ പ്രയാസമുള്ളതുമാണ്.

2026-ൽ വളരെ ശക്തമായ എൽ നിനോ പ്രതിഭാസം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നുണ്ടെങ്കിലും, ഇതുവരെ മുൻവർഷങ്ങളിലെ സമീപകാല പ്രവണതകളെ അപേക്ഷിച്ച് സമുദ്രത്തിലെ താപതരംഗങ്ങളുടെ (Marine Heatwaves) എണ്ണം വളരെ കുറവാണ്. കൂടാതെ, ഇതുവരെ മത്സ്യബന്ധന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ള പ്രത്യാഘാതങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

എന്നിരുന്നാലും, ഭാവിയിൽ സമുദ്രപരിസ്ഥിതിയിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങളും അവ സമുദ്രമത്സ്യവിഭവങ്ങളിലും മത്സ്യബന്ധന മേഖലയിലും ചെലുത്താനിടയുള്ള സ്വാധീനങ്ങളും മനസ്സിലാക്കുന്നതിനായി തുടർച്ചയായ നിരീക്ഷണം അനിവാര്യമാണ്. ഈ ലക്ഷ്യത്തോടെയുള്ള നിരീക്ഷണ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരികയാണ്.

(ബി) മത്സ്യലഭ്യതയുടെ കുറവ് കണക്കിലെടുത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> മത്സ്യലഭ്യത കുറയുന്നതുമൂലം വരുമാനത്തിൽ ഇടിവ് നേരിടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതികൾ കേരള സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വള്ളങ്ങൾ യന്ത്രവത്കരിക്കുന്നതിനും, ബോട്ടുകളിലെ തടി ഹൾ സ്റ്റീൽ ഹൾ ആക്കുന്നതിനും, മത്സ്യബന്ധന വലകൾ വാങ്ങുന്നതിനും ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ ലഭ്യമാക്കുന്നതിനും, വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനും സഹായപദ്ധതികൾ നിലവിലുണ്ട്. ഇവ മത്സ്യബന്ധന ചെലവ് കുറയ്ക്കാനും ലഭിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം നിലനിർത്താനും സഹായിക്കും.

മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ സബ്സിഡിയുള്ളതോ പലിശരഹിതമോ ആയ വായ്പകൾ, മത്സ്യവിൽപ്പനയിൽ ഏർപ്പെട്ട വനിതകൾക്കുള്ള സാമ്പത്തിക സഹായം, സേവിങ്സ്-കം-റിലീഫ് പദ്ധതി തുടങ്ങിയവയിലൂടെ വരുമാന സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മത്സ്യലഭ്യതയുടെ കുറവ് കണക്കിലെടുത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി മത്സ്യബന്ധന വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സംയുക്ത സംരംഭമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സാമ്പത്തിക താങ്ങൽ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) ആയ 'തണൽ' പദ്ധതിയിലൂടെ FIMS ൽ എൻറോൾ ചെയ്തിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രതിവർഷം 1350/- രൂപ മത്സ്യബോർഡ് മുഖാന്തിരം അധിക സാമ്പത്തിക സഹായമായി നൽകുന്നു.

ഈ തുക അർഹരായ ഗുണഭോക്താക്കൾക്ക് ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനം വഴിയാണ് അനുവദിക്കുന്നത്. നടപ്പ് വർഷത്തിൽ പദ്ധതി നടത്തിപ്പിന് 29,82,49,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 14,91,24,500/- രൂപ ഇതുവരെ ബോർഡിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഈ തുകയിൽ നിന്നും 6,29,45,000/- രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സർക്കാരിന്റെ കാലത്ത് 2026 ജൂലൈ 30 മുതൽ ആഗസ്റ്റ് 09 വരെയുള്ള 11 ദിവസം മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപെട്ട 174400 (133451 മറൈൻ കുടുംബങ്ങൾ + 40949 അനുബന്ധ കുടുംബങ്ങൾ) മത്സ്യ അനുബന്ധ

തൊഴിലാളി കുടുംബങ്ങൾക്ക് ആകെ 11 ദിവസത്തിനു ഒരു ദിവസം 200/ രൂപ നിരക്കിൽ ആകെ 38.3680 കോടി രൂപ CMDRF മുഖേന അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ